പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3848

26.6.2012 ൽ മറുപടിയ്ക്ക്

## ഐ.ഐ.ഐ.റ്റി.എം.കെ-ന്റെ പുതിയ കാമ്പസ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് ;<br>ശ്രീ. അൻവർ സാദത്ത് ;<br>ശ്രീ. ഷാഫി പറമ്പിൽ ;<br>ശ്രീ. ഹൈബി ഈഡൻ ; | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി) |
| എ) ഐ.ഐ.ഐ.റ്റി.എം.കെ -ന്റെ പുതിയ കാമ്പസ്സ് ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | എ) ഐ.ഐ.ഐ.റ്റി.എം.കെ യുടെ പൂർണ്ണ സജ്ജമായ കാമ്പസ്സ് ആരംഭിക്കുന്നതിന് കേരള സർക്കാർ തിരുവനന്തപുരം ടെക്നോസിറ്റിയിൽ 10.3 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തികൾക്കായി 2012-13 സാമ്പത്തിക വർഷം 8.5 കോടി രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. ആർക്കിടെക്ടിനെ തെരഞ്ഞെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| ബി) പ്രസ്തുത കാമ്പസ്സിന്റെ സവിശേഷതകൾ എന്തെല്ലാം; | ബി) പുതുതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന 33344 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ 13364 ചതുരശ്ര മീറ്റർ അക്കാദമിക് ബ്ലോക്കിനും, 1293 ചതുരശ്ര മീറ്റർ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിനും, 15710 ചതുരശ്ര മീറ്റർ ഹോസ്റ്റൽ സൗകര്യങ്ങൾക്കും 2977 ചതുരശ്ര മീറ്റർ പൊതു ആവശ്യത്തിനും ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| സി) പ്രസ്തുത കാമ്പസ്സിനെ വിദ്യാഭ്യാസ ഗവേഷണ വികസനപരിശീലന മേഖലകളിലെ ബിരുദാനന്തര തലത്തിലുള്ള മികവുറ്റ കേന്ദ്രമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി) ബേസിക്, അപ്ലൈഡ് ഐ.ടി. വിദ്യാഭ്യാസ ഗവേഷണ വികസന പരിശീലന മേഖലകളിലെ ബിരുദാനന്തര തലത്തിലുള്ള മികവുറ്റ കേന്ദ്രമായി പ്രവർത്തിക്കുക എന്നതാണ് ഐ.ഐ.ഐ.ടി.എം.കെ. യുടെ സ്ഥാപിത ലക്ഷ്യം. ഉന്നത വിദ്യാഭ്യാസം, തൊഴിൽ മേഖലകളിൽ വിദ്യാഭ്യാസം, നെറ്റ്‌വർക്കിംഗ് അനുബന്ധ സേവന ദാതാവായി നേതൃത്വം നൽകൽ എന്നീ മേഖലകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. കൂടാതെ വരുംവർഷങ്ങളിൽ കൂടുതൽ ബിരുദാനന്തര തലത്തിലുള്ള കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുമെന്ന് കരുതുന്നു. പുതിയ കാമ്പസ് സജ്ജമാകുന്നതോടെ താഴെപ്പറയുന്ന സംരംഭങ്ങൾ പൂർണ്ണ തോതിൽ ആരംഭിക്കുവാൻ കഴിയുമെന്നും കരുതുന്നു.<br><br>i) സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസ് ആന്റ് ഐ.ടി. |

ii) സ്കൂൾ ഓഫ് കമ്പ്യൂട്ടേഷണൽ സയൻസ്
iii) സ്കൂൾ ഓഫ് ഇൻഫർമാറ്റിക്സ്.
iv) സ്കൂൾ ഓഫ് ഹ്യുമാനിറ്റീസ് ആന്റ് മാനേജ്മെന്റ്.

രാജ്യത്തെ ഇതര ഐ.ഐ.ഐ.ടി. കൾക്ക് സമാനമായ പ്രീമിയർ വിദ്യാഭ്യാസ സ്ഥാപനമായി ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നതിന് ലക്ഷ്യമിടുന്നു. സാമൂഹിക പ്രസക്തിയുള്ള വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, ഇ ഗവേണൻസ് മേഖലകളിൽ ഗവേഷണം, വികസനം, വരും ജനറേഷനിലെ ഇൻഫർമേഷൻ സിസ്റ്റംസ്, ഇൻഫർമാറ്റിക്സ് എന്നിവയുടെ ഉപയോഗത്തിനുമാണ് ഇൻസ്റ്റിറ്റ്യൂട്ട് മുൻഗണന നൽകുവാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ